# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **424** 29/06/2016-ൽ മറുപടിക്ക്

## ചാത്തൻകോട്ടുനട ജല വൈദ്യുത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.കെ. വിജയൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) നാദാപുരം നിയോജക മണ്ഡലത്തിലെ ചാത്തൻകോട്ടുനട ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ നിലച്ചത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിർമ്മാണം പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്: വിശദമാക്കാമോ: | (ബി) ചാത്തൻകോട്ടുനട ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾക്കായി ഉണ്ടാക്കിയിരിക്കുന്ന കരാർ, "റിസ്ക് ആന്റ് കോസ്റ്റ്" ഒഴിവാക്കി അവസാനിപ്പിക്കുന്നതിനും തുടർ നിർമ്മാണ ജോലികൾ ടെണ്ടർ വിളിച്ച് നൽകാനോ, അല്ലെങ്കിൽ ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വടകര പോലുള്ളസർക്കാർ അംഗീകൃത ഏജൻസികൾക്ക് നിലവിലെ CPWD ഷെഡ്യൂൾ പ്രകാരമുള്ള അടങ്കൽ തുകയ്ക്ക് നൽകാനോ, ഉള്ള ഉത്തരവ് മുൻ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കരാർ അവസാനിപ്പിക്കുന്നതിനു വേണ്ടി കരാറുകാരുമായി ഉടമ്പടി വ്യവസ്ഥകൾ ബോർഡ് പരിശോധിച്ചു വരുകയുമാണ്. ഗവൺമെന്റ് ഉത്തരവ് ഇപ്പോൾ മന്ത്രിസഭാ ഉപസമിതിയുടെ പരിശോധനയിലുമാണ്. ഇതിൽ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് തുടർ ജോലികളുടെ നിർമ്മാണം പുനരാരംഭിക്കുന്നതി നുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (സി) നിർമ്മാണം പൂർത്തീകരിച്ച് പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വിശദമാക്കാമോ? | (സി) നിർമ്മാണം പുനരാരംഭിക്കുന്നിനുള്ള കരാർ നൽകിക്കഴിഞ്ഞാൽ, 18 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**